# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3658      15.12.2014-ൽ മറുപടിയ്ക്ക്

## <u>സെക്രട്ടേറിയറ്റിനു മുൻപിലും പരിസരത്തും സമരങ്ങൾ ഒഴിവാക്കാനുള്ള നടപടികൾ</u>

| | **ചോദ്യം** | | **ഉത്തരം** |
|---|---|---|---|
| | ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. പി.എ.മാധവൻ<br>ശ്രീ. റ്റി.എൻ. പ്രതാപൻ<br>ശ്രീ. കെ.ശിവദാസൻ നായർ | | ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) | സെക്രട്ടേറിയറ്റിനു മുൻപിലും പരിസരത്തും സമരങ്ങൾ ഒഴിവാക്കാനുള്ള നടപടികൾക്കു തുടക്കം കുറിച്ചിട്ടുണ്ടോയെന്നു വിശദമാക്കുമോ; | (എ) | തലസ്ഥാന നഗരിയിൽ പ്രത്യേകിച്ച് സെക്രട്ടേറിയറ്റിനു മുമ്പിലും പരിസരത്തും വിവിധ സമരങ്ങൾ മൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് ഒരു ശാശ്വത പരിഹാരം കണ്ടെത്തുന്നതിനായി എല്ലാ രാഷ്ട്രീയപാർട്ടി പ്രതിനിധികളുമായും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും 27/1/2014- ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു പ്രാഥമിക ചർച്ച നടത്തുകയുണ്ടായി. |
| (ബി) | ഇതു സംബന്ധിച്ച് നിർദ്ദേശങ്ങൾ തയ്യാറാക്കി രാഷ്ട്രീയപ്പാർട്ടികൾക്കു നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ഇല്ല. |
| (സി) | സെക്രട്ടേറിയറ്റിനു മുൻപിലും പരിസരത്തുമുള്ള സമരങ്ങൾ ജനത്തെ ബുദ്ധിമുട്ടിക്കാത്തവിധം ക്രമീകരിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് നിർദ്ദേശത്തിലുള്ളതെന്നു വിശദമാക്കുമോ; | (സി) | ബാധകമല്ല. |
| (ഡി) | ഇതു സംബന്ധിച്ച് സർവ്വകക്ഷിയോഗത്തിൽ അഭിപ്രായസമന്വയം ഉണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | 27/1/2014 ലെ ചർച്ചയിൽ പങ്കെടുത്ത മുഖ്യധാരാ രാഷ്ട്രീയ കക്ഷികളെ പ്രതിനിധാനം ചെയ്യുന്ന അംഗങ്ങൾ ടി വിഷയത്തിൽ തങ്ങളുടേതായ അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയുണ്ടായി. ഇതു സംബന്ധിച്ച് നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് തുടർയോഗങ്ങൾ കൂടി തീരുമാനങ്ങളെടുക്കുന്നതാണ് എന്ന് പ്രസ്തുത യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ